# ബാലകേരളീയം

## പൊട്ടുവെള്ളാട്ടി

### നമുക്കു ചുറ്റും – 6

വി.സി. ബാലകൃഷ്ണൻ

**പൊ**തുവെ മഞ്ഞയോ വെളുപ്പോ നിറങ്ങളുള്ള ചിത്രശലഭങ്ങൾ ഉൾപ്പെടുന്ന 'പൈറിഡേ' കുടുംബത്തിലാണ് പൊട്ടുവെള്ളാട്ടിയുടെ സ്ഥാനം. 'വെള്ളമടിച്ച്' നടക്കുന്ന ഒരാളെപ്പോലെ ലക്കും ലഗാനുമില്ലാതെ, നിശ്ചിത താളത്തിൽ ചിറകുകൾ അടച്ചും തുറന്നും പുല്ലുകൾക്കിടയിൽ തുള്ളിപ്പറന്നു നടക്കുന്ന തൂവെള്ള നിറത്തിലുള്ള ഒരു കൊച്ചു സുന്ദരി. ഈ വെളുത്ത സുന്ദരിക്ക് കണ്ണുപറ്റാതിരിക്കാനെന്നവണ്ണം മുൻചിറകുകളിൽ ഓരോ കറുത്തപൊട്ടുണ്ട്.

ഇലയുടെ അടിഭാഗത്തോ, പൂവിലോ വിശ്രമിക്കുമ്പോൾ നാം കാണുന്ന ചിറകിന്റെ അടിവശം പച്ചകലർന്ന തവിട്ടു നിറത്തിലുള്ള മങ്ങിയ ചില പാടുകളോടുകൂടിയതാണ്.

ആര്യവേള (കാട്ടുകടുക്), നിർമാതളം തുടങ്ങിയ ചെടികളിലാണ് പൊട്ടുവെള്ളാട്ടി മുട്ടയിടുന്നത്. ലാർവകൾക്ക് ചാരനിറമാർന്ന പച്ചയാണ്. ശരീരത്തിൽ കറുത്ത, നേരിയ 'മുള്ളു'കളുമുണ്ട്. മറ്റു വലിയജാതി ശലഭപ്പുഴുക്കളെപ്പോലെ തീറ്റക്കൊതിയനല്ല ഈ ലാർവകൾ. ചെടിയുടെ തണ്ടിൽതന്നെയാണ് പ്യൂപ്പയായി തൂങ്ങിക്കിടക്കുന്നത്. പ്യൂപ്പയിൽനിന്ന് പുറത്തിറങ്ങി ശരിക്കും പറക്കാൻ തുടങ്ങുന്നതിനു മുമ്പുതന്നെ ഇവ ഇണചേരുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മഴക്കാലത്ത് നിലം ചെറുസസ്യങ്ങളാൽ മൂടപ്പെട്ടിരിക്കുന്ന സമയത്താണ് പൊട്ടുവെള്ളാട്ടികൾ ധാരാളമായി കാണപ്പെടുന്നത്. അതിരാവിലെ തന്നെ ഉറക്കമുണരുന്ന ഇവ സാധാരണയായി ഒരു മീറ്ററിലധികം ഉയരത്തിൽ പറക്കാറില്ല.

(-തുടരും)



ഫോട്ടോ: ബാബു കാമ്പ്രത്ത്, പയ്യന്നൂർ

കഥ

## ചിക്കൻകറി



**ഞാ**ൻ താമസിക്കുന്നത് ഒരു ബോർഡിംഗ് സ്കൂളിലാണ്. അവിടെ എല്ലാത്തിനും വളരെ കൃത്യതയാണ്. ഭക്ഷണത്തിന് കൃത്യം ബെല്ലടിക്കുമ്പോൾതന്നെ എത്തണം. ഇല്ലെങ്കിൽ അന്നത്തെ ഭക്ഷണം 'വായു'. ഈ പട്ടാളച്ചിട്ടയിൽപ്പെട്ട് എന്റെ ജീവിതം പരസ്യം കാണുന്ന മാന്യ പ്രേക്ഷകരുടെ അവസ്ഥ പോലെയായിട്ടുണ്ട്.

ഓലപ്പുര മേയുന്നതുപോലെ വർഷാവർഷം മാറിമാറിനടക്കുന്ന തെരഞ്ഞെടുപ്പുകളെയും മറ്റു പഠിക്കുന്ന സിവിക്സ് ആയിരുന്നു അവസാന പിരിയഡ്. യുദ്ധരംഗം കൊതിച്ച് ടി.വി. യിലെ 'ശ്രീകൃഷ്ണ' കാണുമ്പോൾ ഭഗവത്ഗീത കാണിക്കുന്ന അവസ്ഥയായിരുന്നു ആ പിരിയഡിൽ.

പക്ഷെ നമ്മുടെ കഥാനായകൻ അന്നു രാത്രി കിട്ടാൻ പോകുന്ന ചിക്കന്റെ മധുര സ്മരണകളിൽ ആ പിരിയഡ് കഴിച്ചുകൂട്ടി. ക്ലാസ് കഴിഞ്ഞു. ഒരു ദീർഘനിശ്വാസവുമായി മുറിയിലെത്തിയപ്പോൾ ഒരു ക്ഷീണം. അറിയാതെ ഒന്നുറങ്ങിപ്പോയി. എഴുന്നേറ്റപ്പോൾ അത്താഴത്തിന്റെ സമയം കഴിഞ്ഞിരുന്നു. പിന്തുണ പിൻവലിച്ചപ്പോൾ ന്യൂനപക്ഷമായ ഗവൺമെന്റു പോലെയായി എന്റെ സ്ഥിതി. കത്തുന്ന വിശപ്പും ഒഴിഞ്ഞ വയറും വച്ചുകൊണ്ട് ഞാൻ കിടന്നു.

"ഹായ്! എന്താ ഒരു മണം! അല്ലാ, ഇതെങ്ങനെ ഇവിടെവന്നു? ഒരു പ്ലേറ്റ് ചിക്കനും പൊറോട്ടയും. ഹല്ലാ, ഇത്ര വലിയ കഷണം ചിക്കൻ എങ്ങനെ വന്നു ഇതിൽ? എന്തായാലും ആദ്യം ഇതു തിന്നാം. ഛെ, ഒരു കഷണം വായിൽ വയ്ക്കാൻ കൊള്ളില്ല. എന്നാലും തിന്നുക തന്നെ. കല്യാണസൗഗന്ധികം തേടി നടന്ന ഭീമന് ആ പുഷ്പം കിട്ടിയ പ്രതീതിയാണ് ലേഖകന് ഇപ്പോൾ. തിന്നു തീർത്ത് ഒരേമ്പക്കവും വിട്ട് അങ്ങുറങ്ങി.

"എടാ, എണീക്കെടാ, നിനക്കെന്താ ബോധമില്ലേ തലയണ കടിച്ചുകീറാൻ."




കണ്ണു തുറന്നപ്പോൾ മേട്രനെയാണ് കണി കണ്ടത്. കട്ടിലിലേക്ക് നോക്കിയപ്പോൾ ഹെലലുംലഹഹ കമ്പനിയുടെ സ്പോഞ്ച് തലയണ പിച്ചിച്ചീന്തി കിടക്കുന്നതാണ് കണ്ടത്. പേടിച്ച് ഉമിനീരിറക്കാൻ ലേഖകൻ ശ്രമിച്ചു. കഴിയുന്നില്ല. അല്ലാ, വായിലെന്താ. ങേ, പഞ്ഞിയോ. ഇതെങ്ങനെ വന്നു ?

അപ്പോഴാണ് തലേന്നത്തെ സ്വപ്നത്തെപ്പറ്റി ഓർത്തത്. പിന്നീട് മൂന്ന് ദിവസത്തേക്ക് ലേഖകൻ പ്രാഥമിക കാര്യങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ടത് നിർവ്വഹിച്ചിട്ടില്ല.

മലബന്ധത്തിന് ഡോക്ടർ കുറിച്ചുതന്ന മരുന്നുകളുടെ വിലയായ അറുപത്തഞ്ചു രൂപ കൊടുക്കമ്പോൾ ഞാൻ വിചാരിച്ചു. മനുഷ്യന്റെ ഓരോ സ്വപ്നമേ!

***നിഖിൽ മോഹൻ***
***(കഴക്കൂട്ടം സൈനിക സ്കൂളിലെ***
***എട്ടാം ക്ലാസ് വിദ്യാർഥി)***

**(തെറ്റാടി കഥാപുസ്തകം എഡിറ്റർ: ഉദയൻ, പേജ്:52, വില:18 രൂപ**
**വിലാസം: തെറ്റാടി നെടുമങ്ങാട്-695 541)**